**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 238** **23-01-2025 - ൽ മറുപടിയ്ക്ക്**

**എച്ച് എം പി വി വൈറസ് ബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ എച്ച് എം പി വി വൈറസ് ബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രസ്തുത രോഗബാധയുടെ ലക്ഷണങ്ങൾ എന്നറിയിക്കുമോ; | (എ) | ഉണ്ട്. മുൻ വർഷങ്ങളിലും 2025 ജനുവരി മാസം കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും എച്ച്.എം.പി.വി വൈറസ് ബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സാധാരണയായി കാണപ്പെടുന്ന ഒരു ജലദോഷ പനിയുടെ ലക്ഷണങ്ങൾ തന്നെയാണ് എച്ച്.എം.പി.വി അണുബാധയിലും പ്രകടമായി കാണുന്നത്. മിക്ക ആൾക്കാരിലും എച്ച്.എം.പി.വി അണുബാധ പനി, ചുമ, ശ്വാസതടസ്സം, മൂക്കൊലിപ്പ്, തൊണ്ടവേദന, ജലദോഷം എന്നീ ലക്ഷണങ്ങളോടെയാണ് കാണപ്പെടുന്നത്. പ്രത്യേകിച്ച് ചികിത്സ ഒന്നും ഇല്ലാതെ തന്നെ ബഹുഭൂരിപക്ഷം രോഗികളും സുഖം പ്രാപിക്കാറുണ്ട്. സാധാരണയായി അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളെയും പ്രായാധിക്യം ഉള്ളവരെയും മറ്റ് അനുബന്ധ രോഗമുള്ളവരെയും, പ്രതിരോധശേഷി കുറഞ്ഞവരെയും ആണ് എച്ച്.എം.പി.വി കൂടുതലായി ബാധിക്കുന്നത്. ഇവരിൽ എച്ച്.എം.പി.വി അണുബാധ ന്യൂമോണിയയിലേക്കും ബ്രോങ്കിയോലൈറ്റിസ് (Bronchiolitis), COPD/ആസ്ത്മ excacer bation എന്നീ സങ്കീർണതകളിലേക്കും നയിച്ചേക്കാം. |
| (ബി) | രോഗപ്രതിരോധത്തിനായി സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്നും ചികിത്സ വിധികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | എച്ച്.എം.പി.വി വായുവിലൂടെ പടരുന്ന അസുഖമാണ്. രോഗമുള്ളവരുമായി അടുത്ത സമ്പർക്കത്തിലൂടെയാണ് എച്ച്.എം.പി.വി വൈറസ് പടരുന്നത്. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴുമുള്ള കണികകൾ, സ്രവങ്ങൾ പതിക്കുന്ന പ്രതലങ്ങൾ, മറ്റു വസ്തുക്കൾ എന്നിവയിലൂടെയാണ് പ്രധാനമായും ഇവ പകരുന്നത്. അത്തരം അസുഖങ്ങളിൽ മുൻകരുതലായി, ചുമയ്ക്കുമ്പോൾ ടവ്വൽ ഉപയോഗിക്കുക, ആവശ്യമായ സന്ദർഭങ്ങളിൽ മാസ്ക് ഉപയോഗിക്കുക, കൈകൾ വൃത്തിയായി സൂക്ഷിക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. എച്ച്.എം.പി.വി അസുഖം ഗുരുതരമായി ബാധിക്കുന്നത് പിഞ്ചുകുഞ്ഞുങ്ങൾ, പ്രായമായവർ, രോഗപ്രതിരോധശേഷി കുറഞ്ഞവർ, |

| | | | |
|---|---|---|---|
| | | | മറ്റ് അസുഖങ്ങൾ ഉള്ളവർ എന്നിവർക്കായതിനാൽ അത്തരക്കാരുമായി ഇടപെടുമ്പോൾ പനി, ചുമ മുതലായ അസുഖങ്ങൾ ഉള്ളവർ മാസ്ക് ധരിക്കുകയും സാമൂഹിക അകലം പാലിക്കുകയും ചെയ്യേണ്ടതാണ്. ആശുപത്രികളിൽ ഇൻഫെക്ഷൻ കൺട്രോളിനായിട്ടുള്ള മുൻകരുതലുകൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. |
| (സി) | പ്രസ്തുത രോഗബാധയെ പ്രതിരോധിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ? | (സി) | അടുത്തിടെ ചൈനയിൽ ഉണ്ടായ ഹ്യൂമൻ മെറ്റാന്യൂമോ വൈറസ് കേസുകൾ ഇന്ത്യയിൽ പലയിടത്തും റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഇവിടെ ആശങ്കകൾ ഉണ്ടാകേണ്ട കാര്യമില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. എങ്കിലും ഇതിന്റെ ഗുരുതരമായ ലക്ഷണങ്ങൾ കാണിക്കുന്ന കേസുകളിൽ സാമ്പിളുകൾ ശേഖരിച്ച് നിയുക്ത റഫറൽ ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുവാനും സാമൂഹിക അകലം പാലിക്കൽ, മാസ്ക് ഉപയോഗം, സോപ്പ് ഉപയോഗിച്ച് കൈ വൃത്തിയാക്കൽ തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. Influenza like Illness/ Severe Acute Respiratory Infection (ILI/SARI) ലക്ഷണങ്ങൾ ഉള്ളവരുടെ നിരീക്ഷണവും ലാബ് പരിശോധനകളും ചെയ്യുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ILI/SARI ലക്ഷണങ്ങൾ ഉള്ള എല്ലാവരുടെയും വിവരങ്ങൾ IHIP-IDSP മുഖേന റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലെ പ്രധാനപ്പെട്ട ആശുപത്രികളെയും മെഡിക്കൽ കോളേജ് ആശുപത്രികളെയും സെന്റിനൽ ആശുപത്രികളായി നിശ്ചയിക്കുകയും നിർദ്ദിഷ്ട സാമ്പിളുകൾ Respiratory Panel പരിശോധനകൾക്കായി സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, VRDL ലാബുകൾ, NIV ആലപ്പുഴ എന്നീ ലാബുകളിലേക്ക് അയക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ